**ഭാരത സർക്കാർ**

നിയമ മന്ത്രാലയം

सत्यमेव जयते

## 2006-ലെ പട്ടിക ഗോത്രവർഗ്ഗങ്ങളും മറ്റ് പരമ്പരാഗത വനവാസികളും (വനാവകാശങ്ങൾ അംഗീകരിക്കൽ) ആക്റ്റ്

(2007-ലെ 2-ാം നമ്പർ ആക്റ്റ്)

(2010 ഫെബ്രുവരി 9-ാം തീയതി നിലവിലിരുന്ന പ്രകാരം)

# THE SCHEDULED TRIBES AND OTHER TRADITIONAL FOREST DWELLERS (RECOGNITION OF FOREST RIGHTS) ACT, 2006

(ACT No. 2 OF 2007)

(As on 9th February, 2010)

വില : 12 രൂപ

©

**യൂണിയൻ സർക്കാരിനുവേണ്ടി കേരള സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ട്, തിരുവനന്തപുരം സർക്കാർ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്.**

**2010**

## ആമുഖം

2010 ഫെബ്രുവരി 9-ാം തീയതി നിലവിലിരുന്ന പ്രകാരമുള്ള 2006-ലെ പട്ടിക വർഗ്ഗ ഗോത്രങ്ങളും മറ്റ് പരമ്പരാഗത വനവാസികളും (വനാവകാശങ്ങൾ അംഗീകരിക്കൽ) ആക്റ്റ് (2007-ലെ 2-ാം നമ്പർ ആക്റ്റ്)-ന്റെ മലയാളത്തിലുള്ള ആധികാരികപാഠം ഈ പതിപ്പിൽ അടങ്ങിയിരിക്കുന്നു. 2010 ഏപ്രിൽ 30-ാം തീയതിയിലെ കേന്ദ്ര അസാധാരണ ഗസറ്റ് XI-ാം ഭാഗം; 1-ാം വകുപ്പ്, 1-ാം വാല്യം, 5-ാം നമ്പരായി 1 മുതൽ 12 വരെയുള്ള പുറങ്ങളിൽ ഇത് പ്രസിദ്ധീകരിച്ചിരിക്കുന്നു.

ഈ ആധികാരിക പരിഭാഷ, ആധികാരികപാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡം അനുസരിച്ച് ഭാരതത്തിന്റെ രാഷ്ട്രപതി അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധീകരിക്കുകയും അപ്രകാരം പ്രസിദ്ധീകരിച്ചതിൻമേൽ അത് ആ ആക്റ്റിന്റെ മലയാളത്തിലുള്ള ആധികാരിക പാഠമായിത്തീരുകയും ചെയ്തു.

**വി. കെ. ഭാസിൻ,**
*ഭാരത സർക്കാരിന്റെ സെക്രട്ടറി.*

## PREFACE

This edition of the Scheduled Tribes and other Traditional Forest Dwellers (Recognition of Forest Rights) Act, 2006 (Act No. 2 of 2007) as on 9th February, 2010 contains the authoritative text of that Act in Malayalam which was published in the Gazette of India Extraordinary Part XI, Section 1, Vol. 1, No. 5 dated 30th April, 2010 on pages 1 to 12.

This authorised translation was published under the authority of the President of India under clause (a) of Section 2 of the Authoritative Texts (Central Laws) Act, 1973 and on such publication it became the authoritative text of that Act in Malayalam.

V. K. BHASIN,
*Secretary to the Government of India.*

GCPT. 3/4475/2010

# 2006-ലെ പട്ടിക ഗോത്രവർഗ്ഗങ്ങളും മറ്റ് പരമ്പരാഗത വനവാസികളും (വനാവകാശങ്ങൾ അംഗീകരിക്കൽ) ആക്റ്റ്

(2007-ലെ 2-ാം നമ്പർ ആക്റ്റ്)

## ഉള്ളടക്കം

### അദ്ധ്യായം I

### പ്രാരംഭികം


| വകുപ്പുകൾ | | പേജ് |
|---|---|---|
| 1. | ചുരുക്കപ്പേരും പ്രാരംഭവും | 1 |
| 2. | നിർവ്വചനങ്ങൾ | 2 |

**അദ്ധ്യായം II**

**വനാവകാശങ്ങൾ**

| | | |
|---|---|---|
| 3. | വനവാസികളായ പട്ടികഗോത്രവർഗ്ഗങ്ങളുടെയും മറ്റ് പരമ്പരാഗത വനവാസികളുടെയും വനാവകാശങ്ങൾ | 4 |

**അദ്ധ്യായം III**

**വനാവകാശങ്ങളുടെ അംഗീകരിക്കലും പുനഃസ്ഥാപിക്കലും നിക്ഷിപ്തമാക്കലും ബന്ധപ്പെട്ട സംഗതികളും**

| | | |
|---|---|---|
| 4. | വനവാസികളായ പട്ടികഗോത്രവർഗ്ഗങ്ങളുടെയും മറ്റ് പരമ്പരാഗത വനവാസികളുടെയും വനാവകാശങ്ങളുടെ അംഗീകരിക്കലും നിക്ഷിപ്തമാക്കലും | 6 |
| 5. | വനാവകാശ കൈവശക്കാരുടെ ചുമതലകൾ | 7 |

**അദ്ധ്യായം IV**

**വനാവകാശങ്ങൾ നിക്ഷിപ്തമാക്കുന്നതിനുള്ള അധികാര സ്ഥാനങ്ങളും നടപടിക്രമവും**

| | | |
|---|---|---|
| 6. | വനാവകാശികളായ പട്ടിക ഗോത്രവർഗ്ഗങ്ങളിലും മറ്റ് പരമ്പരാഗത വനവാസികളിലും വനാവകാശങ്ങൾ നിക്ഷിപ്തമാക്കുന്നതിനുള്ള അധികാര സ്ഥാനങ്ങളും അതിന്റെ നടപടിക്രമവും | 8 |

**അദ്ധ്യായം V**

**കുറ്റകൃത്യങ്ങളും ശിക്ഷകളും**

| | | |
|---|---|---|
| 7. | ഈ ആക്റ്റിൻ കീഴിലുള്ള അധികാര സ്ഥാനങ്ങളിലെയും കമ്മിറ്റികളിലെയും അംഗങ്ങളാലോ ഉദ്യോഗസ്ഥൻമാരാലോ ഉള്ള കുറ്റകൃത്യങ്ങൾ | 9 |
| 8. | കുറ്റകൃത്യങ്ങൾക്ക് നടപടിയെടുക്കൽ | 9 |

**അദ്ധ്യായം VI**

**പലവക**

| | | |
|---|---|---|
| 9. | അധികാരസ്ഥാനങ്ങളിലെ അംഗങ്ങൾ മുതലായവർ പബ്ലിക് സെർവെന്റുമാരായിരിക്കുമെന്ന് | 10 |
| 10. | ഉത്തമവിശ്വാസപൂർവ്വം എടുത്ത നടപടിക്കുള്ള സംരക്ഷണം | 10 |
| 11. | നോഡൽ ഏജൻസി | 10 |
| 12. | നിർദ്ദേശങ്ങൾ നൽകുവാനുള്ള കേന്ദ്രസർക്കാരിന്റെ അധികാരം | 10 |
| 13. | ആക്റ്റ് മറ്റേതെങ്കിലും നിയമത്തിന് ന്യൂനതവരുത്തുന്നതല്ലെന്ന് | 10 |
| 14. | ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം | 10 |

# 2006-ലെ പട്ടിക ഗോത്രവർഗ്ഗങ്ങളും മറ്റ് പരമ്പരാഗത വനവാസികളും (വനാവകാശങ്ങൾ അംഗീകരിക്കൽ) ആക്റ്റ്

(2007-ലെ 2-ാം നമ്പർ ആക്റ്റ്)

[2006 ഡിസംബർ 27]

വനഭൂമിയിൽ തലമുറകളായി താമസിച്ചു വരുന്നവരും എന്നാൽ അവകാശങ്ങൾ രേഖപ്പെടുത്തുവാൻ കഴിയാത്തവരുമായ വനവാസികളായ പട്ടിക ഗോത്രവർഗ്ഗങ്ങളുടെയും മറ്റ് പരമ്പരാഗത വനവാസികളുടെയും വനാവകാശങ്ങളും വനഭൂമിയിലെ ജീവിതവൃത്തിയും അംഗീകരിക്കുന്നതിനും നിക്ഷിപ്തമാക്കുന്നതിനും വനഭൂമിയെ സംബന്ധിച്ച് അപ്രകാരം നിക്ഷിപ്തമാക്കിയ വനാവകാശങ്ങളും അങ്ങനെയുള്ള അംഗീകരിക്കലിനും നിക്ഷിപ്തമാക്കലിനും ആവശ്യമായ തെളിവുകളുടെ രീതിയും രേഖപ്പെടുത്തുന്നതിന് ഒരു രൂപരേഖ വ്യവസ്ഥ ചെയ്യുന്നതിനും വേണ്ടിയുള്ള

ഒരു

ആക്റ്റ്

വനവാസികളായ പട്ടികഗോത്രവർഗ്ഗങ്ങളുടെയും മറ്റ് പരമ്പരാഗത വനവാസികളുടെയും അംഗീകൃത അവകാശങ്ങളിൽ നിലനിർത്താവുന്ന ഉപയോഗത്തിനുള്ള ഉത്തരവാദിത്തങ്ങളും പ്രാധികാരവും ജൈവവൈവിധ്യം സംരക്ഷിക്കലും പാരിസ്ഥിതീയ സന്തുലനം നിലനിറുത്തലും ഉൾപ്പെടുന്നതിനാലും അതുവഴി വനവാസികളായ പട്ടിക ഗോത്രവർഗ്ഗങ്ങളുടെയും മറ്റ് പരമ്പരാഗത വനവാസികളുടെയും ഉപജീവനവും ഭക്ഷ്യസുരക്ഷയും ഉറപ്പുവരുത്തിക്കൊണ്ട് വനങ്ങളുടെ സംരക്ഷണ വ്യവസ്ഥ ശക്തിപ്പെടുത്തേണ്ടതിനാലും;

അധിനിവേശകാലഘട്ടത്തിലും അതുപോലെതന്നെ സ്വതന്ത്ര ഭാരതത്തിലും സംസ്ഥാന വനങ്ങളുടെ ഏകീകരണത്തിൽ വനപരിസ്ഥിതി വ്യവസ്ഥകളുടെ അതിജീവനത്തിനും നിലനില്പിനും അവിഭാജ്യഘടകമായ വനവാസികളായ പട്ടികഗോത്രവർഗ്ഗങ്ങളുടെയും മറ്റ് പരമ്പരാഗത വനവാസികളുടെയും പൈതൃകഭൂമിയിൻമേലുള്ള വനാവകാശങ്ങളും അവരുടെ സ്വാഭാവിക വാസസ്ഥാനവും പര്യാപ്തമായി അംഗീകരിക്കപ്പെടാതിരുന്നതിന്റെ ഫലമായി ചരിത്രപരമായ അനീതി ഉണ്ടായിട്ടുള്ളതിനാലും;

സംസ്ഥാന വികസന ഇടപെടലുകൾ കാരണം വാസസ്ഥലം പുനഃസ്ഥാപിക്കുവാൻ നിർബന്ധിതരായവർ ഉൾപ്പെടെയുള്ള വനവാസികളായ പട്ടികഗോത്രവർഗ്ഗങ്ങളുടെയും മറ്റ് പരമ്പരാഗത വനവാസികളുടെയും ജന്മാവകാശങ്ങളുടെയും പ്രവേശനാവകാശങ്ങളുടെയും ദീർഘകാലമായി നിലനിൽക്കുന്ന അരക്ഷിതത്വം ശ്രദ്ധയിൽ കൊണ്ടുവരേണ്ടത് ആവശ്യമായിത്തീർന്നിരിക്കുന്നതിനാലും;

ഭാരതറിപ്പബ്ലിക്കിന്റെ അമ്പത്തിയേഴാം സംവത്സരത്തിൽ പാർലമെന്റ് താഴെപ്പറയും പ്രകാരം നിയമം ഉണ്ടാക്കിയിരിക്കുന്നു:—

## അദ്ധ്യായം I

## പ്രാരംഭികം

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2006-ലെ പട്ടിക ഗോത്രവർഗ്ഗങ്ങളും മറ്റ് പരമ്പരാഗത വനവാസികളും (വനാവകാശങ്ങൾ അംഗീകരിക്കൽ) ആക്റ്റ് എന്ന് പേര് പറയാവുന്നതാണ്.

(2) ഇതിന് ജമ്മു-കാശ്മീർ സംസ്ഥാനമൊഴികെ ഭാരതം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത്, കേന്ദ്ര സർക്കാർ, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, നിശ്ചയിക്കാവുന്ന അങ്ങനെയുള്ള തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

GCPT. 3/4475/2010

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) ''സമൂഹവനവിഭവം'' എന്നാൽ ഗ്രാമത്തിന്റെ പരമ്പരാഗതമോ കീഴ്നടപ്പനുസരിച്ചുള്ളതോ ആയ അതിർത്തികൾക്കുള്ളിലുള്ള കീഴ്നടപ്പനുസരിച്ചുള്ള പൊതു വനഭൂമി അല്ലെങ്കിൽ ഇടയ സമുദായങ്ങളുടെ സംഗതിയിൽ, ആ സമുദായത്തിനു പരമ്പരാഗതമായി പ്രവേശനമുള്ള വന്യമൃഗസംരക്ഷണ കേന്ദ്രങ്ങളും ദേശീയപാർക്കുകളും പോലെയുള്ള റിസർവ്വ് വനങ്ങളും സംരക്ഷിത വനങ്ങളും സംരക്ഷിത പ്രദേശങ്ങളും ഉൾപ്പെടെയുള്ള ഭൂപ്രദേശങ്ങളുടെ ഋതുഭേദങ്ങൾക്കനുസൃതമായ ഉപയോഗമോ എന്നർത്ഥമാകുന്നു;

(ഖ) ''സന്ദിഗ്ദ്ധാവസ്ഥയിലുള്ള വന്യജീവി സ്വാഭാവിക വാസസ്ഥാനം'' എന്നാൽ 4-ാം വകുപ്പ് (1)-ഉം (2)-ഉം ഉപവകുപ്പുകളിൽ പറഞ്ഞിരിക്കുന്ന നടപടിക്രമത്തിലെ ആവശ്യങ്ങളനുസരിച്ച് വന്യജീവി സംരക്ഷണത്തിന്റെ ആവശ്യങ്ങൾക്കുവേണ്ടി അഭംഗമായി നിലനിർത്തേണ്ടതാവശ്യമാണെന്ന് ശാസ്ത്രീയവും വസ്തുനിഷ്ഠവുമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ കേസും നിയതമായും സ്പഷ്ടമായും സ്ഥിരീകരിച്ച് നിർണ്ണയിക്കുന്നതിൽ കേന്ദ്ര സർക്കാരിന്റെ പരിസ്ഥിതിയും വനങ്ങളും മന്ത്രാലയത്തിനാൽ നിയമിക്കപ്പെട്ട ആ പ്രദേശത്തെ വിദഗ്ദ്ധർ ഉൾപ്പെടുന്നതും ഗോത്രവർഗ്ഗ കാര്യമന്ത്രാലയത്തിലെ ഒരു പ്രതിനിധികൂടി ഉൾപ്പെടുന്നതുമായ ഒരു വിദഗ്ദ്ധസമിതിയുമായി തുറന്ന കൂടിയാലോചനാ നടപടിക്രമത്തിനു ശേഷം, ആ സർക്കാരിന് തീരുമാനിക്കാവുന്നതും വിജ്ഞാപനം ചെയ്യാവുന്നതുമായ ദേശീയ പാർക്കുകളുടെയും വന്യജീവി സംരക്ഷണ കേന്ദ്രങ്ങളുടെയും അത്തരം പ്രദേശങ്ങൾ എന്നർത്ഥമാകുന്നു;

(ഗ) ''വനവാസികളായ പട്ടിക ഗോത്രവർഗ്ഗങ്ങൾ'' എന്നാൽ മുഖ്യമായും വനങ്ങളിൽ താമസിക്കുന്നവരും യഥാർത്ഥത്തിൽ ഉപജീവനമാർഗ്ഗത്തിനായി വനങ്ങളെയോ അല്ലെങ്കിൽ വനഭൂമിയേയോ ആശ്രയിക്കുന്നവരുമായ പട്ടിക ഗോത്രവർഗ്ഗങ്ങളിലെ അംഗങ്ങളോ സമൂഹമോ എന്നർത്ഥമാകുന്നതും അതിൽ പട്ടിക ഗോത്രവർഗ്ഗ ഇടയസമുദായത്തിൽപ്പെടുന്നവരും ഉൾപ്പെടുന്നതും ആകുന്നു;

(ഘ) ''വനഭൂമി'' എന്നാൽ ഏതെങ്കിലും വനപ്രദേശത്തിനുള്ളിൽ വരുന്ന ഏതൊരു വിസ്തൃത വിവരണത്തിലുള്ള ഭൂമിയും എന്നർത്ഥമാകുന്നതും അതിൽ തരംതിരിക്കാത്ത വനങ്ങളും അതിർത്തി നിർണ്ണയം ചെയ്തിട്ടില്ലാത്ത വനങ്ങളും നിലവിലുള്ളതോ കൽപ്പിതമോ ആയ വനങ്ങളും സംരക്ഷിത വനങ്ങളും റിസർവ്വ് വനങ്ങളും വന്യമൃഗസംരക്ഷണ കേന്ദ്രങ്ങളും ദേശീയ പാർക്കുകളും ഉൾപ്പെടുന്നതും ആകുന്നു;

(ങ) ''വനാവകാശങ്ങൾ'' എന്നാൽ 3-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള വനാവകാശങ്ങൾ എന്നർത്ഥമാകുന്നു;

(ച) ''വനഗ്രാമങ്ങൾ'' എന്നാൽ വനവൽക്കരണ പ്രവർത്തനങ്ങൾക്കുവേണ്ടി ഏതെങ്കിലും സംസ്ഥാന സർക്കാരിന്റെ വനംവകുപ്പ് വനങ്ങൾക്കുള്ളിൽ സ്ഥാപിച്ചിട്ടുള്ളതോ വനറിസർവേഷൻ നടപടികളിലൂടെ വനഗ്രാമങ്ങളായി പരിവർത്തനം ചെയ്യപ്പെട്ടതോ ആയ കുടിപ്പാർപ്പുകൾ എന്നർത്ഥമാകുന്നതും അതിൽ സർക്കാരിനാൽ അനുവദിക്കപ്പെട്ട കൃഷിക്കും മറ്റുപയോഗത്തിനും വേണ്ടിയുള്ള ഭൂമി ഉൾപ്പെടെ വനകുടിപ്പാർപ്പു ഗ്രാമങ്ങളും സ്ഥിരകൈവശാവകാശങ്ങളും അങ്ങനെയുള്ള ഗ്രാമങ്ങൾക്കുവേണ്ടി, എന്തു പേരിൽ വിളിക്കപ്പെട്ടാലും, എല്ലാത്തരത്തിലുമുള്ള ''തൗംഗിയ'' കുടിപ്പാർപ്പുകളും ഉൾപ്പെടുന്നതും ആകുന്നു;

(ഛ) ''ഗ്രാമസഭ'' എന്നാൽ ഒരു ഗ്രാമത്തിലെ പ്രായപൂർത്തിയായ എല്ലാ അംഗങ്ങൾ അടങ്ങിയതും പഞ്ചായത്തുകൾ, ''പഡാസ്'', ''തോലാസ്'', മറ്റ് പരമ്പരാഗത ഗ്രാമീണ സ്ഥാപനങ്ങൾ, തെരഞ്ഞെടുക്കപ്പെട്ട ഗ്രാമസമിതികൾ എന്നിവയില്ലാത്ത സംസ്ഥാനങ്ങളുടെ സംഗതിയിൽ വനിതകളുടെ പൂർണ്ണവും പരിധിയില്ലാത്തതുമായ പങ്കാളിത്തത്തോടുകൂടിയതുമായ ഒരു ഗ്രാമസമാജം എന്നർത്ഥമാകുന്നു;

(ജ) ''സ്വാഭാവിക വാസസ്ഥാനം'' എന്നതിൽ ആദിമ ഗോത്രവിഭാഗങ്ങളുടെയും പൂർവ്വകാല കർഷകസമൂഹങ്ങളുടെയും മറ്റ് വനവാസികളായ പട്ടിക ഗോത്രവർഗ്ഗങ്ങളുടെയും റിസർവ്വ് വനങ്ങളിലും സംരക്ഷിതവനങ്ങളിലുമുള്ള പരമ്പരാഗത വാസസ്ഥാനവും അങ്ങനെയുള്ള മറ്റ് വാസസ്ഥാനങ്ങൾ അടങ്ങുന്ന പ്രദേശവും ഉൾപ്പെടുന്നു;

(ഢ) "ലഘുവനോല്പന്നം" എന്നതിൽ മുളയും വൃക്ഷക്കൊമ്പുകളും മരക്കുറ്റികളും ചൂരലും 'ടസറും' കീടകോശങ്ങളും തേനും മെഴുകും അരക്കും 'ടെണ്ടു' അല്ലെങ്കിൽ 'കെണ്ടു' ഇലകളും ഔഷധസസ്യങ്ങളും ദുർബലസസ്യങ്ങളും വേരുകളും കിഴങ്ങുകളും അതുപോലുള്ളവയും ഉൾപ്പെടെയുള്ള സസ്യ ഉത്പത്തിയിൽപ്പെട്ട മരമല്ലാത്ത എല്ലാ വനോല്പന്നവും ഉൾപ്പെടുന്നു;

(ഞ) "നോഡൽ ഏജൻസി" എന്നാൽ 11-ാം വകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള നോഡൽ ഏജൻസി എന്നർത്ഥമാകുന്നു;

(ട) "വിജ്ഞാപനം" എന്നാൽ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നു;

(ഠ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ഡ) "പട്ടിക പ്രദേശങ്ങൾ" എന്നാൽ ഭരണഘടനയുടെ 244-ാം അനുച്ഛേദം (1)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള പട്ടിക പ്രദേശങ്ങൾ എന്നർത്ഥമാകുന്നു;

(ഢ) "നിലനിർത്താവുന്ന ഉപയോഗം" എന്നതിന് 2002-ലെ ബയോളജിക്കൽ ഡൈവേഴ്സിറ്റി ആക്റ്റ് (2003-ലെ 18)-ന്റെ 2-ാം വകുപ്പ് (ണ) ഖണ്ഡത്തിൽ അതിന് നൽകിയിട്ടുള്ള അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്;

(ണ) "മറ്റ് പരമ്പരാഗത വനവാസി" എന്നാൽ 2005 ഡിസംബർ 13-ാം തീയതിക്കു മുമ്പായി കുറഞ്ഞത് മൂന്നു തലമുറകളെങ്കിലും യഥാർത്ഥ ഉപജീവന ആവശ്യങ്ങൾക്കായി മുഖ്യമായും വനത്തിലോ വനഭൂമിയിലോ താമസിക്കുകയും അതിനെ ആശ്രയിക്കുകയും ചെയ്തിരുന്ന ഏതൊരു അംഗമോ സമൂഹമോ എന്നർത്ഥമാകുന്നു;

വിശദീകരണം.—ഈ ഖണ്ഡത്തിന്റെ ആവശ്യത്തിലേക്കായി, "തലമുറ" എന്നാൽ ഇരുപത്തിയഞ്ചു വർഷം ഉൾപ്പെടുന്ന ഒരു കാലയളവ് എന്നർത്ഥമാകുന്നു;

(ത) "ഗ്രാമം" എന്നാൽ—

(i) 1996-ലെ പഞ്ചായത്ത്സ് (എക്സ്റ്റൻഷൻ ടു ദി ഷെഡ്യൂൾഡ് ഏരിയാസ്) ആക്റ്റ് (1996-ലെ 40)-ന്റെ വ്യവസ്ഥകളിലെ 4-ാം വകുപ്പ് (ഖ) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഒരു ഗ്രാമം; അല്ലെങ്കിൽ

(ii) പട്ടിക പ്രദേശങ്ങൾ അല്ലാത്ത പഞ്ചായത്തുകളെ സംബന്ധിക്കുന്ന ഏതെങ്കിലും സംസ്ഥാന നിയമത്തിൽ ഒരു ഗ്രാമമായി പരാമർശിച്ചിട്ടുള്ള ഏതെങ്കിലും പ്രദേശം; അല്ലെങ്കിൽ

(iii) ഗ്രാമമായി വിജ്ഞാപനം ചെയ്തതോ അല്ലാത്തതോ ആയ വനഗ്രാമങ്ങളും, പൂർവ്വവാസസ്ഥാനം അല്ലെങ്കിൽ കുടിപ്പാർപ്പുകളും സർവ്വേ ചെയ്യാത്ത ഗ്രാമങ്ങളും; അല്ലെങ്കിൽ

(iv) പഞ്ചായത്തുകൾ ഇല്ലാത്ത സംസ്ഥാനങ്ങളിൽ, എന്തുപേർ പറഞ്ഞാലും, പരമ്പരാഗത ഗ്രാമം എന്നർത്ഥമാകുന്നു;

(ഥ) "വന്യമൃഗം" എന്നാൽ 1972-ലെ വൈൽഡ് ലൈഫ് (പ്രൊട്ടക്ഷൻ) ആക്റ്റ് (1972-ലെ 53)-ലെ I മുതൽ IV വരെയുള്ള പട്ടികകളിൽ പ്രത്യേകം വിവരിച്ചിട്ടുള്ളതും പ്രകൃതിയിൽ വന്യമായി കാണപ്പെടുന്നതുമായ മൃഗങ്ങളുടെ ഏതെങ്കിലും വംശം എന്നർത്ഥമാകുന്നു.

അദ്ധ്യായം II

## വനാവകാശങ്ങൾ

3. വനവാസികളായ പട്ടികഗോത്രവർഗ്ഗങ്ങളുടെയും മറ്റ് പരമ്പരാഗത വനവാസികളുടെയും വനാവകാശങ്ങൾ.—(1) ഈ ആക്റ്റിലെ ആവശ്യങ്ങൾക്കായി, വ്യക്തിക്കോ, സമൂഹത്തിനോ അല്ലെങ്കിൽ രണ്ടിനും കൂടിയോ ഉള്ള ജന്മഭോഗം ഉറപ്പാക്കുന്ന താഴെപ്പറയുന്ന അവകാശങ്ങൾ എല്ലാ വനഭൂമികളിലുമുള്ള വനവാസികളായ പട്ടിക ഗോത്രവർഗ്ഗങ്ങളുടെയും മറ്റ് പരമ്പരാഗത വനവാസികളുടെയും വനാവകാശങ്ങളായിരിക്കുന്നതാണ്, അതായത്: —

(ക) വനവാസികളായ പട്ടിക ഗോത്രവർഗ്ഗത്തിലെയോ മറ്റ് പരമ്പരാഗത വനവാസികളിലെയോ ഒരു അംഗമോ അംഗങ്ങളോ വാസസ്ഥാനത്തിനു വേണ്ടിയോ ഉപജീവനത്തിനായി സ്വയം കൃഷി ചെയ്യുന്നതിനു വേണ്ടിയോ ഒറ്റയ്ക്കോ കൂട്ടായോ കൈവശപ്പെടുത്തിയിട്ടുള്ള വനഭൂമി കൈവശം വയ്ക്കുന്നതിനും അതിൽ വസിക്കുന്നതിനുമുള്ള അവകാശം;

(ഖ) മുമ്പുണ്ടായിരുന്ന നാട്ടുരാജ്യങ്ങളിലോ ജമീന്ദാരി അല്ലെങ്കിൽ അതുപോലുള്ള മദ്ധ്യവർത്തി ഭരണക്രമത്തിലോ ഉപയോഗത്തിൽ ഉണ്ടായിരുന്നതുൾപ്പെടെ "നിസ്താർ" പോലെ, എന്തു പേരിൽ വിളിക്കപ്പെട്ടിരുന്നാലും, ഉള്ള സമൂഹാവകാശങ്ങൾ;

(ഗ) ഗ്രാമാതിർത്തികൾക്കുള്ളിൽ നിന്നോ പുറത്തുനിന്നോ പരമ്പരാഗതമായി ശേഖരിച്ചു വന്നിരുന്ന ലഘുവനോൽപ്പന്നം ശേഖരിക്കുന്നതിനും ഉപയോഗിക്കുന്നതിനും വ്യയനം ചെയ്യുന്നതിനും പ്രാപ്യമാക്കുവാനുള്ള ഉടമസ്ഥതാവകാശം;

(ഘ) ദേശാടന സമുദായങ്ങളുടെയോ അല്ലെങ്കിൽ ഇടയസമുദായങ്ങളുടെയോ (സ്ഥിരമായതോ താല്ക്കാലികമായി മാറ്റിപാർപ്പിക്കുന്നതോ അല്ലെങ്കിൽ രണ്ട് തരത്തിലും) കന്നുകാലി മേയ്ക്കൽ, മൽസ്യവും മറ്റു ജലോല്പന്നങ്ങൾ എന്നിവ പോലെയുള്ളവയുടെ ഉപയോഗങ്ങളുടേയും അവകാശങ്ങളുടേയും, ഋതുഭേദപരമായ വിഭവങ്ങളുടെ പരമ്പരാഗത പ്രാപ്യതയുടെയും മറ്റ് സമുദായ അവകാശങ്ങൾ;

(ങ) ആദിമ ഗോത്രവർഗ്ഗ വിഭാഗങ്ങളുടേയും പൂർവ്വകാല കർഷക സമൂഹങ്ങളുടേയും സ്വാഭാവിക വാസസ്ഥാനത്തിനും വസതിക്കും ഉള്ള സമൂഹ ജന്മഭോഗങ്ങൾ ഉൾപ്പെടെയുള്ള അവകാശങ്ങൾ;

(ച) ഏതെങ്കിലും സംസ്ഥാനത്തിലെ അവകാശത്തർക്കമുള്ള, ഏതു പേരിലുള്ളതായാലും, തർക്കഭൂമികളിലോ അതിൻമേലോ ഉള്ള അവകാശങ്ങൾ;

(ഛ) ഏതെങ്കിലും തദ്ദേശാധികാരസ്ഥാനമോ ഏതെങ്കിലും സംസ്ഥാന സർക്കാരോ വനഭൂമിയിൻമേൽ നൽകിയിട്ടുള്ള പട്ടയങ്ങളെയോ പാട്ടങ്ങളെയോ ഗ്രാന്റുകളെയോ അവകാശ പ്രമാണങ്ങളായി പരിവർത്തനം ചെയ്യുന്നതിനുള്ള അവകാശങ്ങൾ ;

(ജ) രേഖപ്പെടുത്തിയതോ വിജ്ഞാപനം ചെയ്തതോ അല്ലാത്തതോ ആയ എല്ലാ വനഗ്രാമങ്ങളെയും പഴയ വാസസ്ഥാനത്തെയും, സർവ്വേ ചെയ്യാത്ത ഗ്രാമങ്ങളെയും വനങ്ങളിലെ മറ്റ് ഗ്രാമങ്ങളെയും റവന്യൂ ഗ്രാമങ്ങളായി പരിവർത്തനം ചെയ്യുന്നതിനും കുടിപ്പാർപ്പിനുമുള്ള അവകാശങ്ങൾ ;

(ഝ) സ്ഥിരമായ ഉപയോഗത്തിനുവേണ്ടി അവർ പരമ്പരാഗതമായി പരിപാലിച്ചും സംരക്ഷിച്ചും വരുന്ന ഏതെങ്കിലും സമൂഹ വനവിഭവം പരിപാലിക്കുന്നതിനോ പുനരുല്പാദിപ്പിക്കുന്നതിനോ സംരക്ഷിക്കുന്നതിനോ കൈകാര്യം ചെയ്യുന്നതിനോ ഉള്ള അവകാശം ;

(ഞ) ഏതെങ്കിലും സംസ്ഥാന നിയമത്തിന്റെയോ ഏതെങ്കിലും സ്വയംഭരണാധികാരമുള്ള ജില്ലാ സമിതിയുടെയോ സ്വയംഭരണാധികാരമുള്ള പ്രാദേശിക സമിതിയുടെയോ നിയമങ്ങളുടെ കീഴിലോ അംഗീകരിച്ചിട്ടുള്ളതോ അല്ലെങ്കിൽ ഏതെങ്കിലും സംസ്ഥാനത്തെ ബന്ധപ്പെട്ട ഗോത്രവർഗ്ഗക്കാരുടെ ഏതെങ്കിലും പരമ്പരാഗതമോ ആചാരാധിഷ്ഠിതമോ ആയ നിയമത്തിൻ കീഴിൽ ഗോത്രവർഗ്ഗങ്ങളുടെ അവകാശങ്ങളായി അംഗീകരിക്കപ്പെട്ടിട്ടുള്ളതോ ആയ അവകാശങ്ങൾ ;

(ട) ജൈവവൈവിധ്യത്തിന്റെയും ഭൗതികസ്വത്തിന്മേലുള്ള സമൂഹ അവകാശത്തിന്റെയും ജൈവവൈവിധ്യവും സാംസ്കാരിക വൈവിധ്യവുമായി ബന്ധപ്പെട്ട പരമ്പരാഗത വിജ്ഞാനത്തിന്റെയും പ്രാപ്യതയ്ക്കുള്ള അവകാശം ;

(ഠ) (ക) മുതൽ (ട) വരെയുള്ള ഖണ്ഡങ്ങളിൽ പറഞ്ഞിട്ടില്ലാത്തതും എന്നാൽ ഏതെങ്കിലും വർഗ്ഗത്തിൽപ്പെട്ട വന്യമൃഗങ്ങളെ വേട്ടയാടുന്നതിനോ കെണിയിലാക്കുന്നതിനോ അതിന്റെ ശരീരത്തിന്റെ ഒരു ഭാഗം വലിച്ചുപറിച്ചെടുക്കുന്നതിനോ ഉള്ള പരമ്പരാഗത അവകാശം ഒഴികെയുള്ളതും വനവാസികളായ പട്ടികഗോത്രവർഗ്ഗങ്ങൾ അല്ലെങ്കിൽ മറ്റ് പരമ്പരാഗത വനവാസികൾ, അതതുസംഗതിപോലെ, ആചാരാധിഷ്ഠിതമായി അനുഭവിക്കുന്നതുമായ മറ്റേതെങ്കിലും പരമ്പരാഗത അവകാശങ്ങൾ ;

(ഡ) 2005 ഡിസംബർ 13-ാം തീയതിക്കു മുമ്പായി പട്ടിക ഗോത്രവർഗ്ഗങ്ങളെയോ പരമ്പരാഗത വനവാസികളെയോ, പുനരധിവാസത്തിനുള്ള അവരുടെ നിയമപരമായ അവകാശം ലഭ്യമാക്കാതെ, ഏതെങ്കിലും ഇനത്തിൽപ്പെട്ട വനഭൂമിയിൽ നിന്നും നിയമവിരുദ്ധമായി ഒഴിപ്പിക്കുകയോ മാറ്റുകയോ ചെയ്യുന്നിടത്ത്, പകരം ഭൂമി ഉൾപ്പെടെ മുൻസ്ഥാനത്തു തന്നെയുള്ള പുനരധിവാസത്തിനുള്ള അവകാശം.

(2) 1980-ലെ ഫോറസ്റ്റ് (കൺസർവേഷൻ) ആക്റ്റ് (1980-ലെ 69)-ൽ എന്തു തന്നെ അടങ്ങിയിരുന്നാലും, കേന്ദ്ര സർക്കാർ, ആ സർക്കാരിനാൽ കൈകാര്യം ചെയ്യപ്പെടുന്ന താഴെ പ്പറയുന്ന സൗകര്യങ്ങൾക്കു വേണ്ടി ഓരോ ഹെക്ടറിലും എഴുപത്തിയഞ്ച് മരങ്ങളിൽ കവിയാതെ മരങ്ങൾ വെട്ടിവീഴ്ത്തുന്നത് ഉൾപ്പെടുത്തി വനഭൂമി പരിവർത്തനം ചെയ്യുന്നതിനായി നൽകേണ്ടതാണ്, അതായത് :—

(ക) വിദ്യാലയങ്ങൾ;

(ഖ) ഡിസ്പെൻസറി അല്ലെങ്കിൽ ആശുപത്രി;

(ഗ) അംഗനവാടികൾ;

(ഘ) ന്യായവിലകടകൾ;

(ങ) വൈദ്യുതിയും ടെലികമ്മ്യൂണിക്കേഷൻ ലൈനുകളും;

(ച) ടാങ്കുകളും മറ്റ് ചെറിയ ജലാശയങ്ങളും;

(ഛ) കുടിവെള്ള വിതരണവും വെള്ളത്തിനുള്ള പൈപ്പ് ലൈനുകളും;

(ജ) ജലം അല്ലെങ്കിൽ മഴവെള്ള ശേഖരണ സംഭരണി;

(ഝ) ചെറുകിട ജലസേചന കനാലുകൾ;

(ഞ) പാരമ്പര്യേതര ഊർജ്ജസ്രോതസ്സ്;

(ട) വൈദഗ്ദ്ധ്യം അഭിവൃദ്ധിപ്പെടുത്തൽ അല്ലെങ്കിൽ വൊക്കേഷണൽ ട്രെയിനിംഗ് സെന്ററുകൾ;

(ഠ) നിരത്തുകൾ; കൂടാതെ

(ഡ) സാമൂഹ്യ കേന്ദ്രങ്ങൾ:

എന്നാൽ, —

(i) ഈ ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള ആവശ്യങ്ങൾക്കുവേണ്ടി പരിവർത്തനം ചെയ്യേണ്ട വനഭൂമി ഓരോ സംഗതിയിലും ഒരു ഹെക്ടറിൽ കുറവാണെങ്കിലും;

(ii) അത്തരം വികസന പദ്ധതികളുടെ ക്ലിയറൻസ് അത് ഗ്രാമസഭ ശിപാർശ ചെയ്തതായിരിക്കണമെന്ന ഉപാധിക്കു വിധേയമായിട്ടാണെങ്കിലും,

മാത്രം വനഭൂമിയുടെ അത്തരം പരിവർത്തനം അനുവദിക്കേണ്ടതാണ്.

## അദ്ധ്യായം III

# വനാവകാശങ്ങളുടെ അംഗീകരിക്കലും പുനഃസ്ഥാപിക്കലും നിക്ഷിപ്തമാക്കലും ബന്ധപ്പെട്ട സംഗതികളും

4. വനവാസികളായ പട്ടിക ഗോത്രവർഗ്ഗങ്ങളുടെയും മറ്റ് പരമ്പരാഗത വനവാസികളുടെയും വനാവകാശങ്ങളുടെ അംഗീകരിക്കലും നിക്ഷിപ്തമാക്കലും.—(1) തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിലെ വ്യവസ്ഥകൾക്കു വിധേയമായി കേന്ദ്ര സർക്കാർ—

(ക) 3-ാം വകുപ്പിൽ സൂചിപ്പിച്ചിട്ടുള്ള എല്ലാ വനാവകാശങ്ങളെയും സംബന്ധിച്ച് സംസ്ഥാനങ്ങളിലെയോ പട്ടിക ഗോത്രവർഗ്ഗങ്ങളായി അവരെ പ്രഖ്യാപിക്കപ്പെട്ട സംസ്ഥാനങ്ങളിലെ പ്രദേശങ്ങളിലെയോ വനവാസികളായ പട്ടിക ഗോത്രവർഗ്ഗങ്ങളിലും;

(ഖ) 3-ാം വകുപ്പിൽ സൂചിപ്പിച്ചിട്ടുള്ള എല്ലാ വനാവകാശങ്ങളെയും സംബന്ധിച്ച് മറ്റ് പരമ്പരാഗത വനവാസികളിലും,

വനാവകാശങ്ങൾ ഇതിനാൽ അംഗീകരിച്ച് നിക്ഷിപ്തമാക്കിയിരിക്കുന്നു.

(2) ദേശീയ പാർക്കുകളിലേയും വന്യമൃഗ സംരക്ഷണ കേന്ദ്രങ്ങളിലേയും സന്ദിഗ്ദ്ധാവസ്ഥയിലുള്ള വന്യജീവി വാസസ്ഥാനങ്ങളിൽ ഈ ആക്റ്റിൻകീഴിൽ അംഗീകരിച്ചിട്ടുള്ള വനാവകാശങ്ങൾ പിന്നീട് വ്യത്യാസപ്പെടുത്തുകയോ പുനർനിശ്ചയിക്കുകയോ ചെയ്യാവുന്നതും, എന്നാൽ, താഴെ പറയുന്ന എല്ലാ ഉപാധികളും ബോദ്ധ്യപ്പെട്ടതായ സംഗതിയിൽ അല്ലാതെ വന്യജീവി സംരക്ഷണത്തിനായി അഭംഗമായ പ്രദേശങ്ങൾക്കു രൂപം നൽകുന്നതിനായുള്ള ഉദ്ദേശങ്ങൾക്കു വേണ്ടി യാതൊരു വനാവകാശകൈവശക്കാരെയും പുനരധിവസിപ്പിക്കുന്നതിനോ അവരുടെ അവകാശങ്ങളെ ഏതൊരു രീതിയിലും ബാധിക്കുവാനോ പാടില്ലാത്തതുമാണ്, അതായത്:—

(ക) പരിഗണനയിലിരിക്കുന്ന എല്ലാ പ്രദേശങ്ങളിലും 6-ാം വകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള അവകാശങ്ങൾ അംഗീകരിക്കലും നിക്ഷിപ്തമാക്കലും പ്രക്രിയ പൂർത്തിയായിരിക്കുകയും;

(ഖ) 1972-ലെ വൈൽഡ് ലൈഫ് (പ്രൊട്ടക്ഷൻ) ആക്റ്റ് (1972-ലെ 53)-ൻ കീഴിലെ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് സംസ്ഥാന സർക്കാരിന്റെ ബന്ധപ്പെട്ട ഏജൻസികൾ, വന്യജീവികളിൻമേൽ അവകാശകൈവശക്കാരുടെ പ്രവർത്തനങ്ങളും, സാന്നിദ്ധ്യംമൂലമുള്ള ആഘാതവും അപരിഹാര്യമായ നാശനഷ്ടത്തിനും, പ്രസ്തുത വംശങ്ങളുടെ നിലനില്പിനും അവയുടെ വാസസ്ഥാനങ്ങൾക്കു ഭീഷണിയാകുന്നതിനും മതിയായ കാരണമാകുമെന്ന് സ്ഥാപിച്ചിരിക്കുകയും;

(ഗ) സഹവർത്തിത്വം പോലെയുള്ള മറ്റ് മതിയായ ഓപ്ഷനുകൾ ലഭ്യമല്ലായെന്ന് സംസ്ഥാന സർക്കാർ തീരുമാനിച്ചിരിക്കുകയും;

(ഘ) സുരക്ഷിതമായ ജീവിതവൃത്തി, ബാധിക്കപ്പെട്ട വ്യക്തികൾക്കും സമൂഹങ്ങൾക്കും വ്യവസ്ഥ ചെയ്യുന്നതും, കേന്ദ്ര സർക്കാരിന്റെ പ്രസക്ത നിയമങ്ങളിലും നയത്തിലും അങ്ങനെയുള്ള ബാധിക്കപ്പെട്ട വ്യക്തികൾക്കും സമൂഹങ്ങൾക്കും നൽകിയിട്ടുള്ള ആവശ്യകതകൾ നിറവേറ്റുന്നതുമായ ഒരു പുനരധിവാസമോ ബദൽ പാക്കേജോ തയ്യാറാക്കുകയും അറിയിച്ചിരിക്കുകയും;

(ങ) ബന്ധപ്പെട്ട പ്രദേശങ്ങളിലെ ഗ്രാമസഭകളുടെ നിർദ്ദിഷ്ട പുനരധിവാസത്തിനും പാക്കേജിനുമുള്ള നിർബാധമായി എഴുതി അറിയിച്ച സമ്മതം ലഭിച്ചിരിക്കുകയും;

(ച) വാഗ്ദാനം ചെയ്ത പാക്കേജ് പ്രകാരം പുനരധിവാസ സ്ഥലത്തിൽ സൗകര്യങ്ങളും ഭൂമി വിഭജിച്ചു കൊടുക്കലും പൂർത്തിയാകുന്നതുവരെ യാതൊരു പുനരധിവാസവും നടത്തുവാൻ പാടുള്ളതല്ല:

എന്നാൽ, വന്യജീവി സംരക്ഷണത്തിന്റെ ആവശ്യങ്ങൾക്കായി കൈവശാവകാശക്കാരെ അപ്രകാരം സ്ഥലം മാറ്റിയ സന്ദിഗ്ദ്ധാവസ്ഥയിലുള്ള വന്യജീവി വാസസ്ഥാനങ്ങളെ സംസ്ഥാന സർക്കാരിനോ കേന്ദ്ര സർക്കാരിനോ മറ്റേതെങ്കിലും നികായത്തിനോ അനന്തരം മറ്റാവശ്യങ്ങൾക്കായി വ്യതിചലിപ്പിക്കുവാൻ പാടുള്ളതല്ല.

(3) ഏതെങ്കിലും സംസ്ഥാനവുമായോ യൂണിയൻ പ്രദേശവുമായോ ബന്ധപ്പെട്ട വനവാസികളായ പട്ടിക ഗോത്രവർഗ്ഗങ്ങളുടെയും മറ്റ് പരമ്പരാഗത വനവാസികളുടെയും വനഭൂമിയും അവരുടെ സ്വാഭാവിക വാസസ്ഥാനവും സംബന്ധിച്ച് ഈ ആക്റ്റിൻകീഴിലുള്ള വനാവകാശങ്ങൾ അംഗീകരിക്കുന്നതും നിക്ഷിപ്തമാക്കുന്നതും 2005 ഡിസംബർ 13-ാം തീയതിക്കു മുമ്പ് വനഭൂമി അങ്ങനെയുള്ള പട്ടിക ഗോത്രവർഗ്ഗങ്ങളുടെയോ ഗോത്രവർഗ്ഗ സമുദായങ്ങളുടെയോ മറ്റ് പരമ്പരാഗത വനവാസികളുടെയോ കൈവശത്തിലുണ്ടായിരുന്നു എന്ന നിബന്ധനയ്ക്ക് വിധേയമായിരിക്കുന്നതാണ്.

(4) (1)-ാം ഉപവകുപ്പിനാൽ നൽകപ്പെട്ട ഒരു അവകാശം പരമ്പരാഗതമായിരിക്കുന്നതും എന്നാൽ അന്യാധീനപ്പെടുത്താവുന്നതോ കൈമാറ്റം ചെയ്യാവുന്നതോ അല്ലാത്തതും വിവാഹിതരായ വ്യക്തികളുടെ സംഗതിയിൽ ദമ്പതിമാർ രണ്ടുപേരുടെയും പേരിൽ കൂട്ടായി രജിസ്റ്റർ ചെയ്യേണ്ടതും ഒരാളിനാൽ നയിക്കുന്ന ഒരു ഗൃഹത്തിന്റെ സംഗതിയിൽ ആ ഗൃഹനാഥന്റെ പേരിലും നേരിട്ടുള്ള ഒരു അനന്തരാവകാശിയുടെ അഭാവത്തിൽ പരമ്പരാഗത അവകാശം ഏറ്റവും അടുത്ത കുലബന്ധുവിലും വന്നുചേരുന്നതാണ്.

(5) മറ്റുവിധത്തിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരമൊഴികെ, വനവാസികളായ പട്ടിക ഗോത്രവർഗ്ഗത്തിലെയോ മറ്റ് പരമ്പരാഗത വനവാസികളിലെയോ യാതൊരു അംഗത്തെയും അംഗീകരിക്കലിന്റെയും സത്യബോധപ്പെടുത്തലിന്റെയും നടപടിക്രമം പൂർത്തിയാകുന്നതുവരെ അയാളുടെ കൈവശമുള്ള വനഭൂമിയിൽ നിന്നും ഒഴിപ്പിക്കുവാനോ നീക്കം ചെയ്യുവാനോ പാടുള്ളതല്ല.

(6) (1)-ാം ഉപവകുപ്പിനാൽ അംഗീകരിക്കപ്പെട്ടതും നിക്ഷിപ്തമായതുമായ വനാവകാശങ്ങൾ 3-ാം വകുപ്പ് (1)-ാം ഉപവകുപ്പിലെ (ക) ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള ഭൂമിയെ സംബന്ധിക്കുന്നിടത്ത് അങ്ങനെയുള്ള ഭൂമി ഈ ആക്റ്റിന്റെ പ്രാരംഭത്തീയതിയിൽ ഒരു വ്യക്തിയുടേയോ കുടുംബത്തിന്റെയോ സമൂഹത്തിന്റെയോ കൈവശത്തിലായിരിക്കേണ്ടതും, യഥാർത്ഥമായി കൈവശത്തിലിരിക്കുന്ന വിസ്തീർണ്ണത്തിലേക്ക് പരിമിതപ്പെടുത്തേണ്ടതും യാതൊരു സംഗതിയിലും നാല് ഹെക്ടർ വിസ്തീർണ്ണത്തിന് അധികമാകാൻ പാടില്ലാത്തതുമാണ്.

(7) ഈ ആക്റ്റിൽ വിനിർദ്ദേശിച്ചിട്ടുള്ളവ ഒഴികെ, എല്ലാ ബാദ്ധ്യതകളിൽ നിന്നും 1980-ലെ ഫോറസ്റ്റ് (കൺസർവേഷൻ) ആക്റ്റ് (1980-ലെ 69)-ൻ കീഴിലെ ക്ലിയറൻസ് ഉൾപ്പെടെയുള്ള ആവശ്യമായ നടപടിക്രമങ്ങളിൽ നിന്നും വിമുക്തമായും വനഭൂമിയായി മാറ്റുന്നതിന് വേണ്ടതായ 'നിലവിലുള്ള അറ്റമൂല്യവും' 'വനവൽക്കരണത്തിനായുള്ള നഷ്ടപരിഹാരവും' നൽകിക്കൊണ്ട് വനാവകാശങ്ങൾ പ്രദാനം ചെയ്യേണ്ടതാണ്.

(8) സംസ്ഥാന വികസന ഇടപെടലുകൾ കാരണം വാസസ്ഥലത്തുനിന്നും കൃഷിപ്പണിയിൽ നിന്നും ഭൂമിയുടെ നഷ്ടപരിഹാരം ഇല്ലാതെ മാറ്റപ്പെട്ടെന്നും ഭൂമി ഏത് ഉദ്ദേശത്തിനുവേണ്ടിയാണോ ഏറ്റെടുത്തത് അങ്ങനെ ഏറ്റെടുത്ത് അഞ്ച് വർഷത്തിനുള്ളിൽ, ആ ആവശ്യത്തിന് ഭൂമി ഉപയോഗിച്ചിട്ടില്ലായെന്നും സ്ഥാപിക്കുന്നതിന് കഴിയുന്ന വനവാസികളായ പട്ടിക ഗോത്രവർഗ്ഗങ്ങൾക്കും മറ്റ് പരമ്പരാഗത വനവാസികൾക്കും ഈ ആക്റ്റിൻ കീഴിൽ അംഗീകരിക്കപ്പെട്ടതും നിക്ഷിപ്തമായതുമായ വനാവകാശങ്ങളിൽ ഭൂമിയുടെ അവകാശവും ഉൾപ്പെടുന്നതാണ്.

5. <u>വനാവകാശ കൈവശക്കാരുടെ ചുമതലകൾ</u>.—ഈ ആക്റ്റിൻ കീഴിലുള്ള ഏതെങ്കിലും വനാവകാശ കൈവശക്കാരേയും, ഏതെങ്കിലും വനാവകാശ കൈവശക്കാരുള്ള പ്രദേശങ്ങളിൽ അവിടുത്തെ ഗ്രാമസഭയേയും ഗ്രാമീണതല സ്ഥാപനങ്ങളേയും—

(ക) വന്യജീവിയും വനവും ജൈവവൈവിധ്യവും സംരക്ഷിക്കുന്നതിനും ;

(ഖ) തൊട്ടുകിടക്കുന്ന വൃഷ്ടി പ്രദേശവും ജലസ്രോതസ്സുകളും മറ്റ് പരിസ്ഥിതി സംവേദിത പ്രദേശങ്ങളും വേണ്ടവിധത്തിൽ സംരക്ഷിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും ;

(ഗ) വനവാസികളായ ഗോത്രവർഗ്ഗങ്ങളുടേയും മറ്റ് പരമ്പരാഗത വനവാസികളുടെയും സ്വാഭാവിക വാസസ്ഥാനം, അവരുടെ സാംസ്കാരികവും സ്വാഭാവികവുമായ പൈതൃകത്തെ ബാധിക്കുന്ന ഏതെങ്കിലും തരത്തിലുള്ള നശീകരണ പ്രവർത്തനങ്ങളിൽ നിന്നും സംരക്ഷിക്കപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും ;

(ഘ) സമൂഹ വനവിഭവങ്ങൾക്കുള്ള പ്രാപ്യത ക്രമീകരിക്കുന്നതിനും വന്യജീവികളെയും വനത്തേയും ജൈവവൈവിധ്യത്തേയും പ്രതികൂലമായി ബാധിക്കുന്ന ഏതെങ്കിലും പ്രവർത്തനം തടയുന്നതിനും ഗ്രാമസഭയിൽ എടുത്തിട്ടുള്ള തീരുമാനങ്ങൾ പാലിക്കപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും,

അധികാരപ്പെടുത്തിയിരിക്കുന്നു.

അദ്ധ്യായം IV

## വനാവകാശങ്ങൾ നിക്ഷിപ്തമാക്കുന്നതിനുള്ള അധികാരസ്ഥാനങ്ങളും നടപടിക്രമവും

6. വനവാസികളായ പട്ടിക ഗോത്രവർഗ്ഗങ്ങളിലും മറ്റ് പരമ്പരാഗത വനവാസികളിലും വനാവകാശങ്ങൾ നിക്ഷിപ്തമാക്കുന്നതിനുള്ള അധികാരസ്ഥാനങ്ങളും അതിന്റെ നടപടിക്രമവും.—(1) ഈ ആക്റ്റ് പ്രകാരം, ഗ്രാമസഭയുടെ തദ്ദേശാധികാര പരിധിക്കുള്ളിലുള്ള വനവാസികളായ പട്ടിക ഗോത്രവർഗ്ഗങ്ങൾക്കും മറ്റ് പരമ്പരാഗത വനവാസികൾക്കും അവകാശ വാദങ്ങൾ സ്വീകരിച്ച് അവയെ ഏകീകരിക്കുകയും തിട്ടപ്പെടുത്തുകയും, ശിപാർശ ചെയ്യപ്പെട്ട ഓരോ അവകാശവാദ പ്രദേശങ്ങൾ അങ്ങനെയുള്ള അവകാശങ്ങൾ വിനിയോഗിക്കുന്നതിനുവേണ്ടി നിർണ്ണയിക്കപ്പെടാവുന്ന അപ്രകാരമുള്ള രീതിയിൽ രേഖപ്പെടുത്തി ഒരു മാപ്പ് തയ്യാറാക്കി നൽകേണ്ടതായ, വ്യക്തിയുടേയോ സമൂഹത്തിന്റെയോ അല്ലെങ്കിൽ രണ്ടിനും കൂടിയോ ഉള്ള, വനാവകാശങ്ങളുടെ സ്വഭാവവും വിസ്തീർണ്ണവും നിർണ്ണയിക്കുന്നതിനുള്ള നടപടിക്രമം ആരംഭിക്കുന്നതിനുള്ള അധികാരസ്ഥാനം ഗ്രാമസഭ ആയിരിക്കുന്നതും ഗ്രാമസഭ അതിനുശേഷം അതിലേക്കായി ഒരു പ്രമേയം പാസ്സാക്കേണ്ടതും, അതിനുശേഷം അതിന്റെ ഒരു പകർപ്പ് സബ്-ഡിവിഷണൽ ലെവൽ കമ്മിറ്റിക്ക് അയച്ചുകൊടുക്കേണ്ടതുമാണ്.

(2) ഗ്രാമസഭയുടെ പ്രമേയത്താൽ പരാതിയുള്ള ഏതൊരാൾക്കും (3)-ാം ഉപവകുപ്പുപ്രകാരം രൂപവൽക്കരിച്ചിട്ടുള്ള സബ്-ഡിവിഷണൽ ലെവൽ കമ്മിറ്റിക്ക് ഒരു ഹർജി സമർപ്പിക്കാവുന്നതും സബ്-ഡിവിഷണൽ ലെവൽ കമ്മിറ്റി അങ്ങനെയുള്ള ഹർജി പരിഗണിക്കേണ്ടതും തീർപ്പാക്കേണ്ടതുമാണ്:

എന്നാൽ, അങ്ങനെയുള്ള ഓരോ ഹർജിയും ഗ്രാമസഭ പ്രമേയം പാസ്സാക്കുന്ന തീയതി മുതൽ അറുപതു ദിവസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്:

എന്നുമാത്രമല്ല, അങ്ങനെയുള്ള യാതൊരു ഹർജിയും പരാതിക്കാരനെതിരെ, അയാൾക്ക് തന്റെ കേസ് ബോധിപ്പിക്കുവാൻ ന്യായമായ ഒരവസരം നൽകിയിട്ടില്ലാത്തപക്ഷം തീർപ്പാക്കുവാൻ പാടുള്ളതല്ല.

(3) സംസ്ഥാന സർക്കാർ, ഗ്രാമസഭ പാസ്സാക്കിയിട്ടുള്ള പ്രമേയം പരിശോധിക്കുന്നതിനും വനാവകാശങ്ങളുടെ റിക്കാർഡുകൾ തയ്യാറാക്കുന്നതിനും അത് സബ്-ഡിവിഷണൽ ആഫീസർ മുഖേന ജില്ലാതല കമ്മിറ്റിക്ക് ഒരു അന്തിമ തീരുമാനത്തിനായി അയച്ചുകൊടുക്കുന്നതിനുമായി ഒരു സബ്-ഡിവിഷണൽ ലെവൽ കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

(4) സബ്-ഡിവിഷണൽ ലെവൽ കമ്മിറ്റിയുടെ തീരുമാനത്തിൽ പരാതിയുള്ള ഏതൊരാൾക്കും സബ്-ഡിവിഷണൽ ലെവൽ കമ്മിറ്റിയുടെ തീരുമാനത്തിന്റെ തീയതി മുതൽ അറുപതു ദിവസത്തിനുള്ളിൽ ജില്ലാതല കമ്മിറ്റിക്ക് ഒരു ഹർജി സമർപ്പിക്കാവുന്നതും ജില്ലാതല കമ്മിറ്റി അങ്ങനെയുള്ള ഹർജി പരിഗണിക്കേണ്ടതും തീർപ്പാക്കേണ്ടതുമാണ്:

എന്നാൽ, ഗ്രാമസഭയുടെ പ്രമേയത്തിന് എതിരായി യാതൊരു ഹർജിയും സബ്-ഡിവിഷണൽ ലെവൽ കമ്മിറ്റിയുടെ മുമ്പാകെ സമർപ്പിക്കപ്പെടുകയും പരിഗണിക്കപ്പെടുകയും ചെയ്തിട്ടല്ലാതെ ജില്ലാതല കമ്മിറ്റിയുടെ മുമ്പാകെ നേരിട്ട് സമർപ്പിക്കുവാൻ പാടുള്ളതല്ല:

എന്നുമാത്രമല്ല, അങ്ങനെയുള്ള യാതൊരു ഹർജിയും പരാതിക്കാരനെതിരെ, അയാൾക്ക് തന്റെ കേസ് ബോധിപ്പിക്കുവാൻ ന്യായമായ ഒരവസരം നൽകിയിട്ടല്ലാതെ തീർപ്പാക്കുവാൻ പാടുള്ളതല്ല.

(5) സംസ്ഥാന സർക്കാർ, സബ്-ഡിവിഷണൽ ലെവൽ കമ്മിറ്റി തയ്യാറാക്കിയ വനാവകാശങ്ങളുടെ റിക്കാർഡ് പരിഗണിക്കുന്നതിനും അന്തിമമായി അംഗീകരിക്കുന്നതിനും ഒരു ജില്ലാതല കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

(6) വനാവകാശ റിക്കാർഡിന്മേലുള്ള ജില്ലാതല കമ്മിറ്റിയുടെ തീരുമാനം അന്തിമവും ബാധകമായിരിക്കുന്നതും ആണ്.

(7) സംസ്ഥാന സർക്കാർ, വനാവകാശങ്ങൾ അംഗീകരിക്കലും നിക്ഷിപ്തമാക്കലും പ്രക്രിയ മോണിറ്റർ ചെയ്യുന്നതിനും നോഡൽ ഏജൻസിക്ക്, ആ ഏജൻസി ആവശ്യപ്പെടാവുന്ന അങ്ങനെയുള്ള റിട്ടേണുകളും റിപ്പോർട്ടുകളും സമർപ്പിക്കുന്നതിനും, ഒരു സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി രൂപവൽക്കരിക്കേണ്ടതാണ്.

(8) സബ്-ഡിവിഷണൽ ലെവൽ കമ്മിറ്റിയിലും ജില്ലാതല കമ്മിറ്റിയിലും സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റിയിലും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരത്തിൽ, സംസ്ഥാന സർക്കാരിന്റെ റവന്യൂ, വനം, ഗോത്രവർഗ്ഗകാര്യങ്ങൾ എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരും ബന്ധപ്പെട്ട പഞ്ചായത്തീരാജ് സ്ഥാപനങ്ങളാൽ ഉചിതമായ തലങ്ങളിൽ നിയമിക്കപ്പെട്ട, പഞ്ചായത്തീരാജ് സ്ഥാപനങ്ങളിലെ മൂന്ന് അംഗങ്ങളും അടങ്ങിയിരിക്കേണ്ടതും ആ മൂന്നംഗങ്ങളിൽ രണ്ടുപേർ പട്ടിക ഗോത്രവർഗ്ഗ അംഗങ്ങൾ ആയിരിക്കേണ്ടതും കുറഞ്ഞത് ഒരാൾ ഒരു വനിത ആയിരിക്കേണ്ടതുമാണ്.

(9) സബ്-ഡിവിഷണൽ ലെവൽ കമ്മിറ്റിയുടെയും ജില്ലാതല കമ്മിറ്റിയുടെയും സംസ്ഥാന തല മോണിറ്ററിംഗ് കമ്മിറ്റിയുടെയും ഘടനയും ചുമതലകളും അവയുടെ ചുമതലകൾ നിർവ്വഹിക്കുന്നതിൽ അവ പാലിക്കേണ്ട നടപടിക്രമവും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള പ്രകാരമായിരിക്കേണ്ടതാണ്.

## അദ്ധ്യായം V

## കുറ്റകൃത്യങ്ങളും ശിക്ഷകളും

7. ഈ ആക്റ്റിൻ കീഴിലുള്ള അധികാരസ്ഥാനങ്ങളിലെയും കമ്മിറ്റികളിലെയും അംഗങ്ങളാലോ ഉദ്യോഗസ്ഥൻമാരാലോ ഉള്ള കുറ്റകൃത്യങ്ങൾ.—ഏതെങ്കിലും അധികാരസ്ഥാനമോ കമ്മിറ്റിയോ അല്ലെങ്കിൽ അങ്ങനെയുള്ള അധികാരസ്ഥാനത്തിലെയോ അല്ലെങ്കിൽ കമ്മിറ്റിയിലെയോ ഉദ്യോഗസ്ഥനോ അംഗമോ വനാവകാശങ്ങൾ അംഗീകരിക്കൽ സംബന്ധിച്ച് ഈ ആക്റ്റിലെയോ അതിൻ കീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടത്തിലെയോ ഏതെങ്കിലും വ്യവസ്ഥയെ ഉല്ലംഘിക്കുന്നിടത്ത് അതോ അല്ലെങ്കിൽ അവരോ ഈ ആക്റ്റിൻ കീഴിലുള്ള ഒരു കുറ്റകൃത്യത്തിന് അപരാധിയായി കരുതപ്പെടേണ്ടതും എതിരായി നടപടിയെടുക്കേണ്ടതിനും ആയിരം രൂപയോളം ആകാവുന്ന പിഴയോടുകൂടി ശിക്ഷിക്കപ്പെടേണ്ടതിനും അർഹരാകുന്നതുമാണ്:

എന്നാൽ, ഈ ഉപവകുപ്പിൽ അടങ്ങിയിരിക്കുന്ന യാതൊന്നും ഈ വകുപ്പിൽ പരാമർശിച്ചിട്ടുള്ള അധികാരസ്ഥാനത്തിലെയോ കമ്മിറ്റിയിലെയോ ഏതെങ്കിലും അംഗമോ വകുപ്പുതലവനോ ഏതെങ്കിലും ആളോ, കുറ്റകൃത്യം ചെയ്യപ്പെട്ടത് തന്റെ അറിവ് കൂടാതെയാണെന്നോ അല്ലെങ്കിൽ അങ്ങനെയുള്ള കുറ്റകൃത്യം ചെയ്യപ്പെടുന്നത് തടയുവാൻ താൻ വേണ്ടത്ര ശ്രദ്ധചെലുത്തിയിരുന്നുവെന്നോ അയാൾ തെളിയിക്കുന്നുവെങ്കിൽ യാതൊരു ശിക്ഷയ്ക്കും അർഹനായിരിക്കുന്നതല്ല.

8. കുറ്റകൃത്യങ്ങൾക്ക് നടപടിയെടുക്കൽ.— യാതൊരു കോടതിയും, ഗ്രാമസഭയുടെ പ്രമേയവുമായി ബന്ധപ്പെട്ട ഒരു തർക്കത്തിന്റെ സംഗതിയിൽ, ഏതെങ്കിലും വനവാസികളായ പട്ടിക ഗോത്രവർഗ്ഗമോ ഏതെങ്കിലും ഉന്നതാധികാരസ്ഥാനത്തിനെതിരെ ഒരു പ്രമേയം വഴി ഗ്രാമസഭയോ സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റിക്ക് അറുപതുദിവസത്തിനുള്ളിൽ കുറയാത്ത ഒരു നോട്ടീസ് നൽകുകയും സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി അങ്ങനെയുള്ള അധികാരസ്ഥാനത്തിനെതിരെ നടപടി എടുക്കുകയും ചെയ്തിട്ടില്ലാത്തപക്ഷം, 7-ാം വകുപ്പുപ്രകാരമുള്ള ഏതെങ്കിലും കുറ്റകൃത്യത്തിന് നടപടി എടുക്കുവാൻ പാടുള്ളതല്ല.

## അദ്ധ്യായം VI

## പലവക

9. അധികാരസ്ഥാനങ്ങളിലെ അംഗങ്ങൾ മുതലായവർ പബ്ളിക് സെർവന്റുമാരായിരിക്കുമെന്ന്.—IV-ാം അദ്ധ്യായത്തിൽ പരാമർശിച്ചിട്ടുള്ള അധികാരസ്ഥാനങ്ങളിലെ ഓരോ അംഗവും ഈ ആക്റ്റിനാലോ അതിൻ കീഴിലോ നൽകപ്പെട്ടിട്ടുള്ള ഏതെങ്കിലും അധികാരങ്ങൾ വിനിയോഗിക്കുന്ന മറ്റ് ഏതൊരു ഉദ്യോഗസ്ഥനും ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45)-ലെ 21-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിക്കുള്ളിലുള്ള ഒരു പബ്ളിക് സെർവന്റായി കരുതപ്പെടേണ്ടതാണ്.

10. ഉത്തമവിശ്വാസപൂർവ്വം എടുത്ത നടപടിക്കുള്ള സംരക്ഷണം.—(1) ഈ ആക്റ്റിനാലോ അതിൻ കീഴിലോ ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യുവാൻ ഉദ്ദേശിക്കുന്നതോ ആയ എന്തിനെയെങ്കിലും സംബന്ധിച്ച്, കേന്ദ്ര സർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റെയോ ഏതെങ്കിലും ഉദ്യോഗസ്ഥനോ മറ്റ് ജീവനക്കാരനോ എതിരായി, യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ അല്ലെങ്കിൽ മറ്റു നിയമ നടപടിയോ നിലനിൽക്കുന്നതല്ല.

(2) ഈ ആക്റ്റിൻ കീഴിൽ ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യുവാൻ ഉദ്ദേശിക്കുന്നതോ ആയ എന്തെങ്കിലും മുഖേന സംഭവിച്ചതോ സംഭവിക്കുവാൻ ഇടയുള്ളതോ ആയ ഏതെങ്കിലും നാശനഷ്ടത്തിന് കേന്ദ്ര സർക്കാരിനോ സംസ്ഥാന സർക്കാരിനോ അതിലെ ഏതെങ്കിലും ഉദ്യോഗസ്ഥർക്കോ മറ്റ് ജീവനക്കാർക്കോ എതിരായി, യാതൊരു വ്യവഹാരമോ അല്ലെങ്കിൽ മറ്റു നിയമ നടപടിയോ നിലനിൽക്കുന്നതല്ല.

(3) ഈ ആക്റ്റിൻ കീഴിൽ ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യുവാൻ ഉദ്ദേശിക്കുന്നതോ ആയ എന്തെങ്കിലും സംബന്ധിച്ച്, IV-ാം അദ്ധ്യായത്തിൽ പരാമർശിച്ചിട്ടുള്ള അതിന്റെ ചെയർപേഴ്സനും അംഗങ്ങളും മെമ്പർ-സെക്രട്ടറിയും ഉദ്യോഗസ്ഥരും മറ്റ് ജീവനക്കാരും ഉൾപ്പെടെയുള്ള ഏതെങ്കിലും അധികാരസ്ഥാനത്തിന് എതിരായി, യാതൊരു വ്യവഹാരമോ മറ്റു നിയമ നടപടിയോ നിലനിൽക്കുന്നതല്ല.

11. നോഡൽ ഏജൻസി.—ഗോത്രവർഗ്ഗകാര്യങ്ങൾ കൈകാര്യം ചെയ്യുന്ന കേന്ദ്ര സർക്കാരിന്റെ മന്ത്രാലയമോ കേന്ദ്ര സർക്കാർ ഇതിനുവേണ്ടി അധികാരപ്പെടുത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥനോ അധികാരസ്ഥാനമോ ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയായിരിക്കുന്നതാണ്.

12. നിർദ്ദേശങ്ങൾ നൽകുവാനുള്ള കേന്ദ്രസർക്കാരിന്റെ അധികാരം.—IV-ാം അദ്ധ്യായത്തിൽ പരാമർശിച്ചിട്ടുള്ള ഓരോ അധികാരസ്ഥാനവും ഈ ആക്റ്റിനാലോ അതിൻ കീഴിലോ ഉള്ള അതിന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിലും അതിന്റെ അധികാരങ്ങൾ വിനിയോഗിക്കുന്നതിലും കേന്ദ്ര സർക്കാർ കാലാകാലങ്ങളിൽ ലിഖിതമായി നൽകിയേക്കാവുന്ന അങ്ങനെയുള്ള പൊതുവായതോ പ്രത്യേകമായതോ ആയ നിർദ്ദേശങ്ങൾക്ക് വിധേയമായിരിക്കുന്നതാണ്.

13. ആക്റ്റ് മറ്റേതെങ്കിലും നിയമത്തിന് ന്യൂനത വരുത്തുന്നതല്ലെന്ന്.—ഈ ആക്റ്റിലും പഞ്ചായത്ത്സ് (എക്സ്റ്റെൻഷൻ ടു ദി ഷെഡ്യൂൾഡ് ഏരിയാസ്) ആക്റ്റ്, 1996 (1996-ലെ 40)-ലും മറ്റു വിധത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമൊഴികെ, ഈ ആക്റ്റിലെ വ്യവസ്ഥകൾ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്ക് ഉപരിയായതും അവയ്ക്ക് ന്യൂനത വരുത്താത്തതുമാണ്.

14. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം.—(1) കേന്ദ്ര സർക്കാരിന്, മുൻകൂട്ടി പ്രസിദ്ധീകരിക്കണമെന്ന ഉപാധിക്ക് വിധേയമായി, വിജ്ഞാപനം വഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനുവേണ്ടി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) മുൻ പറഞ്ഞ അധികാരങ്ങളുടെ സാമാന്യതയ്ക്ക് ഭംഗം വരാതെയും, പ്രത്യേകിച്ച്, അങ്ങനെയുള്ള ചട്ടങ്ങൾ താഴെ പറയുന്ന കാര്യങ്ങൾ എല്ലാത്തിനുമോ അല്ലെങ്കിൽ ഏതിനെങ്കിലുമോ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(ക) 6-ാം വകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള നടപടിക്രമം നടപ്പിലാക്കുന്നതിനുള്ള നടപടിക്രമത്തിന്റെ വിശദാംശങ്ങൾ ;

(ഖ) അവകാശവാദങ്ങൾ സ്വീകരിക്കുന്നതിനും അവയെ ഏകീകരിക്കുന്നതിനും തിട്ടപ്പെടുത്തുന്നതിനും 6-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻ കീഴിൽ വനാവകാശങ്ങൾ ഉപയോഗിക്കുന്നതിനു വേണ്ടി ശിപാർശ ചെയ്യപ്പെട്ട ഓരോ അവകാശവാദ പ്രദേശത്തെയും രേഖപ്പെടുത്തുന്ന ഒരു മാപ്പ് തയ്യാറാക്കുന്നതിനുള്ള നടപടിക്രമവും ആ വകുപ്പിന്റെ (2)-ാം ഉപവകുപ്പിൻ കീഴിൽ സബ്-ഡിവിഷണൽ കമ്മിറ്റിക്ക് ഒരു ഹർജി സമർപ്പിക്കുന്ന രീതിയും ;

(ഗ) 6-ാം വകുപ്പ് (8)-ാം ഉപവകുപ്പിൻ കീഴിൽ സബ്-ഡിവിഷണൽ ലെവൽ കമ്മിറ്റിയിലേക്കും ജില്ലാതല കമ്മിറ്റിയിലേക്കും സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റിയിലേക്കും അംഗങ്ങളായി നിയമിക്കപ്പെടേണ്ട സംസ്ഥാന സർക്കാരിന്റെ റവന്യൂ, വനം, ഗോത്രവർഗ്ഗകാര്യങ്ങൾ എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാരുടെ തലം ;

(ഘ) 6-ാം വകുപ്പ് (9)-ാം ഉപവകുപ്പിൻ കീഴിലുള്ള സബ്-ഡിവിഷണൽ ലെവൽ കമ്മിറ്റിയുടേയും ജില്ലാതല കമ്മിറ്റിയുടേയും സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റിയുടേയും ഘടനയും ചുമതലകളും അവയുടെ ചുമതലകൾ നിർവ്വഹിക്കുന്നതിന് അവർ അനുവർത്തിക്കേണ്ട നടപടിക്രമവും ;

(ങ) നിർണ്ണയിക്കുവാൻ ആവശ്യപ്പെടാവുന്നതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റേതെങ്കിലും കാര്യങ്ങൾ.

(3) ഈ ആക്റ്റിൻ കീഴിൽ, കേന്ദ്ര സർക്കാരിനാൽ ഉണ്ടാക്കപ്പെടുന്ന ഏതൊരു ചട്ടവും, അതുണ്ടാക്കിയശേഷം ആകുന്നത്ര വേഗത്തിൽ പാർലമെന്റ് സമ്മേളനത്തിൽ ഇരിക്കുമ്പോൾ അതിലെ ഓരോ സഭയുടെയും മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി ആകെ മുപ്പത് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, മുൻപറഞ്ഞ സമ്മേളനത്തിനോ തുടർച്ചയായ സമ്മേളനങ്ങൾക്കോ തൊട്ടടുത്തു വരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുൻപ് ഇരുസഭകളും ആ ചട്ടത്തിൽ ഏതെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ അല്ലെങ്കിൽ ഇരുസഭകളും ആ ചട്ടം ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ, അതിനുശേഷം, ആ ചട്ടത്തിന്, അതതു സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു; എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ ചട്ടത്തിൻ കീഴിൽ മുമ്പ് ചെയ്യപ്പെട്ടിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കുന്നതാണ്.

# THE SCHEDULED TRIBES AND OTHER TRADITIONAL FOREST DWELLERS (RECOGNITION OF FOREST RIGHTS) ACT, 2006 (ACT No. 2 OF 2007)

## 2006-ലെ പട്ടികഗോത്രവർഗ്ഗങ്ങളും മറ്റ് പരമ്പരാഗത വനവാസികളും (വനാവകാശങ്ങൾ അംഗീകരിക്കൽ) ആക്റ്റ് (2007-ലെ 2-ാം നമ്പർ ആക്റ്റ്)

## GLOSSARY

| *Sl. No.* | *English Term* | | *Malayalam Equivalent Accepted* | *Reference* |
|---|---|---|---|---|
| 1 | Access | — | പ്രാപ്യത | Section 3 (1) (c) |
| 2 | Transhumant | — | താൽക്കാലികമായി മാറ്റി പാർപ്പിക്കുന്ന | Section 3 (d) |
| 3 | Biodiversity | — | ജൈവവൈവിധ്യം | Section 3 (k) |
| 4 | Conservation | — | സംരക്ഷണം | Section 3 (i) |
| 5 | Allocation | — | വിഭജിച്ചു കൊടുക്കൽ | Section 4 (2) (f) |